# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 354 — 07.08.2017 — ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാനിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, റോജി എം. ജോൺ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാനിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ബി) ഇതുപ്രകാരം നടപ്പിലാക്കേണ്ട വാതിൽപ്പടി വിതരണം ഏതൊക്കെ ജില്ലകളിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട്; വാതിൽപ്പടി വിതരണം നടപ്പിലാക്കേണ്ട തീയതി എന്നായിരുന്നു; | (എ) യും (ബി) യും 2016 നവംബറിലാണ് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നിലവിൽ വന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻ വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (സി) വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ ഗോഡൗണുകൾ സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്.<br>142 ഗോഡൗണുകൾ |
| (ഡി) റേഷൻ കടകളിൽ ആധാർ അധിഷ്ഠിതമായ ബയോമെട്രിക് സാങ്കേതിക വിദ്യയുടെ പിൻബലത്തിലുള്ള കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ? | (ഡി) നടപടി സ്വീകരിച്ചു വരുന്നു. 2018 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

*സെക്ഷൻ ഓഫീസർ*